വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): പമ്പ, അച്ചൻകോവിൽ നദികളിലെ ജലമുപയോഗിച്ച് വൈദ്യുതി ഉൽപ്പാദനം നടത്തുന്നതിനായി 1975-ൽ കെ. എസ്. ഇ. ബി. ഒരു ലഘു പ്രോജക്ട് തയ്യാറാക്കിയിരുന്നു. എന്നാൽ പ്രസ്തുത പദ്ധതികാരണം ഏകദേശം 1200 ഹെക്ടർ വനഭൂമി വെള്ളത്തിലാകുമെന്നതിനാൽ ഗവൺമെന്റ് തുടർനടപടികളൊന്നും എടുത്തില്ല. പ്രസ്തുത പദ്ധതിക്കുപകരം നഷ്ടഭൂമിയുടെ അളവ് കുറച്ചു കൊണ്ട് അച്ചൻകോവിലാർ—30 മെഗാവാട്ട്, ചെളിക്കല്ലാർ—15 മെഗാവാട്ട്, വക്കല്ലാർ—16 മെഗാവാട്ട് എന്നീ പദ്ധതികൾ വിഭാവന ചെയ്ത് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിൽ അച്ചൻകോവിലാർ, ചെളിക്കല്ലാർ എന്നീ പദ്ധതികളുടെ ഫീൽഡ് ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട ജിയോളജിസ്റ്റിന്റെ റിപ്പോർട്ട് ലഭിക്കേണ്ടതുണ്ട്. ഇവയുടെ സി. പി. ആർ. ഒക്ടോബർ 2003-നോടുകൂടി പൂർത്തിയാകുന്നതാണ്. വക്കല്ലാർ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാനുണ്ട്. ഈ പദ്ധതികൾക്ക് കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയത്തിന്റെ ക്ലിയറൻസും പരിസ്ഥിതി ക്ലിയറൻസും ആവശ്യമാണ്. ഈ പദ്ധതികളുടെ പരിസ്ഥിതി ആഘാത പഠനം നടത്തുവാൻ തുടർനടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ദേശീയ ജല വികസന ഏജൻസി, പമ്പാ, അച്ചൻകോവിൽ നദികളിൽ നിന്നും തമിഴ്നാട്ടിലേക്ക് വെള്ളം തിരിച്ചുവിടാൻ ഉദ്ദേശിച്ച് പമ്പാ അച്ചൻകോവിൽ വൈപ്പാർ ലിങ്ക് പദ്ധതി ആവിഷ്കരിച്ച് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ള സാഹചര്യത്തിൽ അച്ചൻകോവിലാർ, ചെളിക്കല്ലാർ, വക്കല്ലാർ എന്നീ പദ്ധതികൾ എത്രയും പെട്ടെന്ന് നടപ്പാക്കേണ്ടതിന് വർദ്ധിച്ച പ്രാധാന്യമുണ്ട്. കൂടാതെ 16-ാം പവ്വർ സർവ്വേ പ്രകാരം 2006-2007-ലെ കേരളത്തിലെ വൈദ്യുതിയുടെ ആവശ്യം നിറവേറ്റുന്നതിന് ഈ പദ്ധതികൾ ആവശ്യമാണ്.

(8) തലപ്പാടിയിൽ സ്ഥാപിക്കുന്ന കമാനത്തെക്കുറിച്ചുള്ള തർക്കം

ശ്രീ. കെ. വി. കുഞ്ഞിരാമൻ: കേരളത്തിന്റെയും, കർണ്ണാടകത്തിന്റെയും അതിർത്തിയായ തലപ്പാടിയിൽ ടൂറിസം ഡിപ്പാർട്ടുമെന്റ് ഒരു സ്വാഗത കമാനം നിർമ്മിക്കുവാൻ തീരുമാനിച്ചിരുന്നു. ഇത് ഇപ്പോഴവിടെ ക്രമസമാധാന പ്രശ്നവും വിവാദവുമായി മാറിയിരിക്കുകയാണ്. കേരളത്തിന്റെ യഥാർത്ഥ അതിർത്ഥിയിൽ നിന്നും 300 മീറ്റർ ഇങ്ങോട്ടുള്ള ദേശീയപാത കർണ്ണാടക ദേശീയപാതവിഭാഗത്തിന്റെ കീഴിലാണ്. നമ്മുടെ ഉദ്യോഗസ്ഥന്മാർ അതിർത്തിയിൽനിന്ന് 245 മീറ്റർ ഇങ്ങോട്ട് മാറിയാണ് ഈ സ്വാഗത കമാനം നിർമ്മിക്കാൻ ആദ്യം തീരുമാനിച്ചത്. പക്ഷെ, കർണ്ണാടക ദേശീയ പാതാ വിഭാഗം ഇടപെട്ടു, ദേശീയ പാതയുടെ അറ്റത്തുകൊണ്ടുപോയി സ്ഥാപിക്കണമെന്ന ആവശ്യമാണ് അവർ ഉന്നയിച്ചത്. കേരളത്തിന്റെയും കർണ്ണാടകത്തിന്റെയും വേർതിരിക്കപ്പെട്ട അതിർത്തിയിൽനിന്ന് 300 മീറ്റർ സ്ഥലം കർണാടകയ്ക്ക് കൈയടക്കാനാവശ്യമായ സൗകര്യമായി ഇത് ഉപയോഗപ്പെടുത്തി, പ്രശ്നം ഇന്ന് ജനങ്ങളും സംഘടനകളും ഏറ്റെടുത്തതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഒരു വിവാദമായി മാറിയിരിക്കുകയാണ്. കേരള, കർണാടക അതിർത്തിയിൽതന്നെ ഈ സ്വാഗത കമാനം സ്ഥാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം. ബന്ധപ്പെട്ട രണ്ട് ഭരണകൂടങ്ങളും ടൂറിസം ഡിപ്പാർട്ടുമെന്റും അടിയന്തിരമായി ഇടപെട്ട് ഈ പ്രശ്നം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

.ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്): കേരള കർണാടക അതിർത്തിയായ തലപ്പാടിയിൽ ഒരു സ്വാഗതകമാനം (Gate way to Kerala) നിർമ്മിക്കുന്നതിന് കാസർഗോഡ് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ സമർപ്പിച്ചിട്ടുള്ള പദ്ധതി അംഗീകരിച്ച് 10 ലക്ഷം രൂപ കൊടുത്തിട്ടുണ്ട്. പ്രശസ്ത വാസ്തുശിൽപ്പിയായ . എം. ഒ. ദേവൻ രൂപകൽപ്പന ചെയ്ത ഈ കമാനം നിർമ്മിക്കുന്നത് മഞ്ചേശ്വരം ഗ്രാമപഞ്ചായത്താണ്. ഇതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചപ്പോൾ കർണ്ണാടക സർക്കാരിന്റെ കീഴിലുള്ള നാഷണൽ ഹൈവേ ഒബ്ജക്ഷൻ കൊണ്ടുവന്നു. കർണ്ണാടക ഗവൺമെന്റുമായി സംസാരിച്ചുകൊണ്ടിരിക്കുകയാണ്. ഞാനും ലോക്കൽ അഡ്മിനിസ്ട്രേഷൻ മിനിസ്റ്ററും ഇത് സംബന്ധിച്ച് സംസാരിക്കുന്നുണ്ട്. അത് സെറ്റിൽ ചെയ്തുകൊണ്ട് എത്രയും പെട്ടെന്ന് അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതാണ്.

(9) പട്ടാമ്പിയിൽ എം. എ. സി. ടി.-ക്കും കുടുംബ കോടതിക്കും സിറ്റിംഗ്

ശ്രീ. സി. പി. മുഹമ്മദ്: 6 പോലീസ് സ്റ്റേഷൻ ഉൾപ്പെട്ട പട്ടാമ്പിയിൽ ജനങ്ങളുടെ സൗകര്യാർത്ഥം എം. എ. സി. ടി.-യുടെ ഒരു സിറ്റിംഗും കുടുംബ കോടതിയുടെ ഒരു സിറ്റിംഗും അനുവദിക്കണമെന്ന് പറയുകയാണ്. ഇതിനാവശ്യമുള്ള സ്ഥലം പട്ടാമ്പി കോടതി കെട്ടിടത്തിലുണ്ട്. ഫർണിച്ചറുണ്ടാക്കുവാൻ തയ്യാറാണ്. കോടതിയല്ല ചോദിക്കുന്നത്, ഒരു സിറ്റിംഗാണ് ചോദിക്കുന്നത്. അത് അനുഭാവപൂർവ്വം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): ഒറ്റപ്പാലം എം. എ. സി. ടി.-യുടെ അധികാര പരിധിയിലാണ് പട്ടാമ്പി ഉൾപ്പെട്ടിട്ടുള്ളത്. ഒറ്റപ്പാലം എം. എ. സി. ടി.-ക്ക് മണ്ണാർക്കാട് ക്യാമ്പ് സിറ്റിംഗ് നടത്തുവാൻ അനുവാദം നൽകിയിട്ടുണ്ട്. പട്ടാമ്പിയിൽ സിറ്റിംഗ് നടത്തുന്നതിനുള്ള നിർദ്ദേശമൊന്നും .ഹൈക്കോടതിയിൽനിന്നും കിട്ടിയിട്ടില്ല. അതിന് ശ്രമിക്കും. പാലക്കാട് ജില്ലയിൽ കുടുംബ കോടതി സ്ഥാപിച്ചിട്ടില്ല. സ്ഥാപിക്കുന്നമുറയ്ക്ക് പട്ടാമ്പിയിൽ സിറ്റിംഗ് അനുവദിക്കുന്ന കാര്യം പരിഗണിക്കുവാൻ തീർച്ചയായും മുൻഗണന നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly